**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ കോസ്റ്റൽ റോവിംഗ് അക്കാഡമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ 2023 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കോസ്റ്റൽ റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കുട്ടനാട്ടിൽ കാനോയിംങ് കയാക്കിങ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ഒരു റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.02.2017 ലെ സ.ഉ (സാധാ) 33/2017/എസ്&വൈഎ പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. കിഫ്ബിയിൽ നിന്നും 8 കോടി രൂപയുടെ ലാന്റ് അക്വിസിഷനുവേണ്ടിയുള്ള ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും ചെയ്തു.<br><br>14.10.2022 ലെ സ.ഉ (സാധാ) നം.267/2022/എസ്&വൈഎ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി. ലാന്റ് അക്വിസിഷനുവേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | മുൻവർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നതും ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടന്നുവരുന്നതുമായ ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികളുടെ പാർട്ട് ബില്ലുകൾ മാറിനൽകുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ആലപ്പുഴ, കണിച്ചുകുളങ്ങര ജി.എച്ച്.എസ്.എസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മാണ പ്രവർത്തി ചെയ്തതിന്റെ രണ്ടാം ഗഡു ബിൽ തുകയും പി.എം.സിയും ഉൾപ്പെടെ 1,19,65,112/- (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപത്തയ്യായിരത്തി ഒരുനൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ സ.ഉ.(സാധാ) നം108/2024/S&YA തീയതി 09/05/2024 പ്രകാരം അനുവദിച്ച് നൽകിയിരുന്നു.<br><br>പ്രസ്തുത തുക അനുവദിക്കുന്നതിനായി ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. |
| (സി) | ഈ സർക്കാർ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ കായികവകുപ്പ് മുഖേന ഏതൊക്കെ സംഘടനകൾക്കാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് തുക, സംഘടനകളുടെ പേര് എന്നിവ സഹിതമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | |

| സംഘടനയുടെ പേര് | വർഷം | അനുവദിച്ച തുക |
|---|---|---|
| കേരള റേസ് ബോട്ട്സ് ആൻഡ് അമച്ചർ റോവിംഗ് അസോസിയേഷൻ | | |
| " | 2019-20 | 30,00,000/- |

| | | |
|---|---|---|
| " | 2020-21 | 30,00,000/- |
| " | 2021-22 | ഇല്ല |
| " | 2022-23 | 20,30,000/- |
| " | 2023-24 | 20,30,000/- |

സെക്ഷൻ ഓഫീസർ